ശ്രീ. പി. ശങ്കർ: പാലക്കാട് ജില്ലയിൽ ഈ തുക കൊടുക്കാതിരിക്കുന്നതിന് കാരണം ഒരു വർഷം പോലും തികച്ച് ഒരു ഡി. ഇ. ഓ. അവിടെ ഇരുന്നിട്ടില്ലെന്നുള്ളതുകൊണ്ടാണെന്നുള്ള കാര്യം ഗവൺമെൻറിനറിയാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അവിടെയിരുന്ന ഡി. ഇ. ഒ. പ്രൊമോഷനായി പോയതാണ്. അത് സാധാരണ സംഭവമാണ്.

ശ്രീ. വി. ജെ. ജോസഫ്: എം. എൽ. എ. മാർ സർട്ടിഫിക്കറ് കൊടുക്കണമെന്നുള്ളത് മാറ്റിയിട്ട് അതാത് പ്രദേശത്തെ വില്ലേജ് ഓഫീസർമാരോ തഹസീൽദാർമാരോ സർട്ടിഫിക്കറ് കൊടുത്താൽ മതിയെന്ന് വയ്ക്കാമോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: ഉദ്യോഗസ്ഥൻമാരുടെ കൈയിൽ നിന്നും സർട്ടിഫിക്കറ് വാങ്ങിക്കുന്നതിനേക്കാൾ എളുപ്പം എം. എൽ. എ. മാരുടെ കൈയിൽ നിന്നും വാങ്ങിക്കുന്നതാണെന്നുള്ളതുകൊണ്ടാണ് അങ്ങനെ വച്ചത്. ഉദ്യോഗസ്ഥൻമാരെ ഏൽപ്പിച്ചാൽ കൂടുതൽ ഡിലേയും ബുദ്ധിമുട്ടും ഉണ്ടാകും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: എം. എൽ. എ. മാർ സർട്ടിഫൈ ചെയ്യുന്നതിനേക്കാൾ കൂടുതൽ നഷ്ടം ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: എന്ത് നഷ്ടമുണ്ടായാലും അവർ ഒഡപ്പോസിറ് ചെയ്തതേ തിരിച്ച് കൊടുക്കാൻ സാധിക്കുകയുള്ളു.

ശ്രീ. എസ്. തങ്കപ്പൻ പിള്ള: ആലപ്പുഴ, കൊല്ലം ജില്ലകളിൽ ഉള്ള അദ്ധ്യാപകർക്ക് ഡി. ഇ. ഒ. ഓഫീസുകളിൽനിന്നും ഈ കമ്പൽസറി ഡെപ്പോസിറ് തിരിച്ച് കിട്ടാൻ കഴിഞ്ഞിട്ടില്ലെന്നുള്ള പരാതി ഗവൺമെൻറിന് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ അതിൻമേൽ എന്ത് നടപടി സ്വീകരിച്ചു?

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: വ്യാപകമായ തോതിൽ ആവലാതികൾ ഉണ്ടായിട്ടുള്ളത് ഞാൻ പറഞ്ഞ മൂന്നു ജില്ലകളിൽ നിന്നും ആണ്. ഒന്നോ രണ്ടോ കേസ്സുകളിൽ കിട്ടിയിട്ടില്ലെന്നുള്ള ആക്ഷേപം മറ്റു ജില്ലകളിൽ ഉണ്ടായിക്കൂടെന്നില്ല. 175000 അദ്ധ്യാപകരുടെ പ്രശ്നമാണ്. അതുകൊണ്ട് ഒരു പരാതിപോലും ഉണ്ടാവുകയില്ലെന്ന് തീർത്ത് പറയാൻ സാധിക്കുകയില്ല.

കുടിശ്ശിക നികുത്താൻ നടപടി

*319 [336] ശ്രീ. തെന്നല ബാലകൃഷ്ണപിള്ള:

ശ്രീ. റാവു. എച്ച്. മുസ്തഫ:

ശ്രീ. വി. ഈച്ചരൻ:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. സേവ്യർ അറയ്ക്കൽ:

ഡോ. കെ. ജി. അടിയോടി:

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാജൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യമന്ത്രി സദയം മറുപടി തരുമോ:

സംസ്ഥാനത്തിന് കേന്ദ്രത്തിലേക്ക് ഇപ്പോഴുള്ള കടബാദ്ധ്യത നികത്താൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ട്?

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, 31.3.1978-ൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്രഗവൺമെന്റിന് കൊടുത്തു തീർക്കേണ്ട കടബാദ്ധ്യത 469 കോടി രൂപയാണ്. ഈ കട ബാദ്ധ്യത നികത്താൻ സംസ്ഥാന ഗവൺമെന്റ് പ്രത്യേക ഋണമോചനഫണ്ട് രൂപീകരിച്ചിട്ടില്ല. വർഷാവർഷം കൊടുത്തു തീർക്കേണ്ട തുക അതാത് കൊല്ലത്തെ ബഡ്ജറിൽ വകയിരുത്തും. സംസ്ഥാനങ്ങളുടെ വർദ്ധിച്ചു വരുന്ന കടബാദ്ധ്യതയും തൻമൂലം മൂലധന അക്കൗണ്ടിൽ ഉണ്ടാകുന്ന കമ്മിയും അവയുടെ സാമ്പത്തിക സുസ്ഥിരതയെ സാരമായി ബാധിക്കുന്നതിനാൽ ഈ പ്രശ്നം ആറും ഏഴും ധനകാര്യ കമ്മീഷനുകളുടെ പരിഗണനയ്ക്കു വിധേയമായി. ഈ പ്രശ്നം പരിഗണിച്ചശേഷം മേൽപ്പറഞ്ഞ കമ്മീഷനുകളും സംസ്ഥാനഗവൺമെന്റുകളും കേന്ദ്രഗവൺമെന്റിലേക്ക് വായ്പകളും തിരിച്ചടയ്ക്കുന്ന ബാദ്ധ്യതയിൽ ആശ്വാസം അനുവദിക്കുകയുണ്ടായി. ആറാം ധനകാര്യകമ്മീഷന്റെ ശുപാർശകളും പ്രകാരം 1974.79 കാലഘട്ടത്തിൽ കേന്ദ്രത്തിലേക്ക് വായ്പ തിരിച്ചടയ്ക്കുന്ന ബാദ്ധ്യതയിൽ നമ്മുടെ സംസ്ഥാനത്തിന് 110 കോടി രൂപാ ആശ്വാസം ലഭിച്ചു. ഏഴാം ധനകാര്യ കമ്മീഷന്റെ ശുപാർശകൾപ്രകാരം ചില പ്രത്യേക വായ്പകളും ഒഴിച്ച് 31.3.1979-ൽ കേന്ദ്രത്തിന് കൊടുത്തു തീർക്കേണ്ടുന്ന മൊത്തം വായ്പയിൽ ഒരു ഭാഗം എഴുതിത്തള്ളും. ബാക്കി തുകകൾ 30 കൊല്ലംകൊണ്ടു തിരിച്ചടയ്ക്കേണ്ട ഒരു മൊത്ത വായ്പയായി മാറും. ഇതുമൂലം 1979.84 കാലഘട്ടത്തിൽ സംസ്ഥാനത്തിന് 115 കോടി രൂപയുടെ കടാശ്വാസം ലഭിക്കും.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി വിശദീകരിച്ച കണക്കുകളും വിശദീകരണങ്ങളും വച്ചുകൊണ്ട് ഈ സംസ്ഥാനത്തിന്റെ സാമ്പത്തിക നില ഭദ്രമാണെന്ന് ഗവൺമെന്റ് കരുതുന്നുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: ഈ സംസ്ഥാനത്ത് ഇത്ര സാമ്പത്തികഭദ്രത മറ്റു വർഷങ്ങളെ അപേക്ഷിച്ച് ഇതുവരെ ഉണ്ടായിട്ടില്ല.

ശ്രീ സേവ്യർ അറയ്ക്കൽ: 6 ഉം 7 ഉം കമ്മീഷനുകളുടെ മുമ്പാകെ നമ്മുടെ സംസ്ഥാനത്തെ 469 കോടി രൂപയുടെ കടബാദ്ധ്യതയെക്കുറിച്ച് ചർച്ച ചെയ്തെന്ന് പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 110 കോടി രൂപയുടെ ഇളവ് ചെയ്തെന്നും പറയുകയുണ്ടായി. ബാക്കി വരുന്ന സംഖ്യ 30 കൊല്ലം കൊണ്ട് അടയ്ക്കാമെന്നു പറഞ്ഞു. ഏത് അടിസ്ഥാനത്തിലാണ് ഇത് ഇളവാക്കാൻ പോകുന്നത്. എവിടെയാണ് അതിനുള്ള റിസോഴ്സസ് കണ്ടുപിടിക്കുന്നതെന്ന് പറയാമോ?

ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ഞാൻ പറഞ്ഞ മറുപടി ശ്രദ്ധിച്ചിട്ടില്ലെന്നാണ് തോന്നുന്നത്. ഓരോ കൊല്ലവും അടയ്ക്കേണ്ട തുക അതാത് കൊല്ലത്തെ ബഡ്ജറിൽ വക കൊള്ളിക്കും. ആ തുക കടം തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി കൊടുത്തുകൊണ്ടിരിക്കും. സാധാരണ പല ഇനങ്ങളിലും ഉള്ള കടബാദ്ധ്യതകളും ഉണ്ടായിരുന്നത് 7 -ാം ധനകാര്യ കമ്മീഷൻ എല്ലാം കൂടി കുറെ റൈറ്റ് ഓഫ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ട് ബാക്കിയെല്ലാം കൂടി ഒരു ലോൺ ആക്കിയിട്ട് അത് 30 കൊല്ലംകൊണ്ട് അടച്ചാൽ മതിയെന്നുള്ളതാണ്. അത് 1.4.1979 മുതൽ പ്രാബല്യത്തിൽ വരും.

ശ്രീ. എം. വി. രാഘവൻ: 469 കോടി രൂപ കടമുണ്ടെന്നു പറഞ്ഞു. ആ കടംകൊണ്ട് സംസ്ഥാനം വളരെ സമ്പന്നമാണെന്നാണ് പറയുന്നത്. ആ സമ്പന്നതയിൽനിന്നും കുറേക്കൂടി ഒരു ആയിരം കോടി രൂപ കൂടി കേന്ദ്രത്തോട് കടം ചോദിച്ച് വാങ്ങിച്ചു കൂടായോ? പതിനായിരക്കണക്കിന് രൂപ കേന്ദ്രഗവൺമെന്റ് അമേരിക്കയിൽനിന്നും മറ്റും വാങ്ങിക്കുന്നുണ്ടല്ലോ.

ശ്രീ. എസ്. വരദരാജൻ നായർ: ചോദിച്ചാൽ തരുന്നതല്ല കടമെന്നു പറയുന്നത്. ഓരോ ആവശ്യത്തിലേക്കും ഓരോ പദ്ധതികൾക്കും വേണ്ടി ആവശ്യാനുസരണം കേന്ദ്രഗവൺമെന്റിൽനിന്നും ഓരോ കൊല്ലവും തരുന്നതാണ്. അതിനെയാണ് കടമെന്നു പറയുന്നത്. അല്ലാതെ ആയിരം കോടി രൂപ കടം വേണമെന്നു പറഞ്ഞാൽ സാധാരണ തരാറില്ല.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: എൻ.ഡി.സി. മീറ്റിംഗിൽ എല്ലാം നമ്മുടെ സംസ്ഥാന ഗവണ്മെന്റും മറ്റ് സംസ്ഥാന ഗവൺമെന്റുകളുമെല്ലാം ഗ്രാന്റും ലോണുമായിട്ടുള്ള പ്രൊപ്പോർഷൻ 70 ശതമാനമെന്നുള്ളത് പകുതിയെങ്കിലും ആക്കണമെന്ന് ആവശ്യപ്പെട്ടതായി കണ്ടു. അതിൻമേൽ വല്ല തീരുമാനവും എടുത്തിട്ടുണ്ടോ? ഗ്രാന്റിന്റെ പ്രൊപ്പോർഷൻ കൂട്ടി ലോണിന്റെ പ്രൊപ്പോർഷൻ കുറയ്ക്കാനുള്ള വല്ല തീരുമാനവും എടുത്തിട്ടുണ്ടോ?

ശ്രീ എസ്. വരദരാജൻ നായർ: ഞാൻ പറഞ്ഞത് ധനകാര്യ കമ്മീഷനുകളുടെ ശുപാർശകളാണ്. പ്ലാൻ വിഹിതം ഓരോ ഗവൺമെന്റുകൾക്കും എത്ര കൊടുക്കണമെന്നുള്ള പ്രശ്നം ഒരു മെമ്പർ ഉന്നയിച്ചു. അതിനെ സംബന്ധിച്ച് നമുക്ക് 77 കോടി രൂപ കൂടുതലായി ലഭിക്കുന്നതിനുള്ള ഒരു തീരുമാനവും എടുത്തിട്ടുണ്ട്. നാലു കൊല്ലത്തേയ്ക്കാണ്.

ശ്രീ. ആർ. എസ്. ഉണ്ണി: നമ്മുടെ സാമ്പത്തിക നില ഭദ്രമാണെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പൊതു കടം എടുക്കുന്ന സമ്പ്രദായം ഈ ഗവൺമെന്റ് സ്വീകരിക്കുകയില്ലെന്ന് വിശ്വസിക്കാമോ?

ശ്രീ. എസ്. വരദരാജൻ നായർ: കടമില്ലാതെ ബിസിനസ് കാര്യങ്ങൾ നടത്താൻ സാധിക്കുകയില്ല. കടം എത്രത്തോളം കിട്ടുമെന്നുള്ളതാണ് ബിസിനസിന്റെ സുരക്ഷിതത്വമെന്നാണ് വയ്പ്. കടം തിരിച്ചടയ്ക്കാൻ സാധിക്കുമോ എന്നുള്ളതാണ് സാമ്പത്തിക സുരക്ഷിതത്വത്തിന്റെ മാനദണ്ഡം. ചിലത് പ്രത്യുൽപ്പാദനപരമായ കാര്യങ്ങൾക്കാകുന്നു ഉപയോഗിക്കുന്നത്. ചിലത് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റിന് ഉപയോഗിക്കുന്നു എന്നേയുള്ളു.

ശ്രീ. പി.കെ. ഗോപാലകൃഷ്ണൻ: കേന്ദ്രമന്ത്രി എച്ച്.എം. പട്ടേൽ പാർലമെന്റിൽ ചെയ്ത ഒരു പ്രസ്താവനയിൽ പറയുന്നു, എല്ലാ സ്റ്റേറ്റുകളെയും കട ബാദ്ധ്യതയിൽനിന്നും പൂർണ്ണമായി മോചിപ്പിക്കുന്നുവെന്നും എല്ലാ സ്റ്റേറ്റുകൾക്കും ക്ലീൻ സ്ലേറ്റിൽ തുടങ്ങാൻ സാധിക്കുമെന്നും. അതുകൊണ്ടാണോ 7-ാം ധനകാര്യ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശിച്ചിട്ടുള്ളതായ കുറേ കടം വെട്ടിക്കളഞ്ഞിട്ട് ബാക്കിയുള്ളത് 30 ഗഡുക്കളായി അടയ്ക്കുവാനുള്ള സൗകര്യം ചെയ്തത് എന്നുമാണോ മനസ്സിലാക്കേണ്ടത്?

ശ്രീ. എസ്. വരദരാജൻ നായർ: ഈ കടം പല പ്രാവശ്യമായി പല ആവശ്യത്തിനായി കൊടുത്തിട്ടുണ്ട്. ഉദാഹരണത്തിന് കടലിൽ കല്ലിടാനും പദ്ധതി പ്രവർത്തനങ്ങൾക്കും മറ്റാവശ്യങ്ങൾക്കും കൊടുത്തിട്ടുണ്ട്. ഓരോ തരത്തിലും ഓരോ കാലഘട്ടത്തിൽ അടച്ചു തീർക്കേണ്ട കടത്തിൽ 7.5 ധനകാര്യ കമ്മീഷൻ ഒരു വിഭാഗം റൈറ് ഓഫ് ചെയ്തു. മറ്റുള്ളത് രണ്ടായി ഭാഗിച്ചു. ഒരു ഭാഗം സെമി പ്രൊഡക്റ്റീവ് എന്നുള്ള ഹെഡ്ഡിലും മറ്റൊരു ഭാഗം പ്രൊഡക്റ്റീവ് ഹെഡ്ഡിലും നിശ്ചയിച്ചു. സെമി പ്രൊഡക്റ്റീവ് ഹെഡ്ഡിലുള്ളത് 30 കൊല്ലക്കാലംകൊണ്ട് അടച്ചു തീർക്കണം. അതിന്റെ പലിശ നാലേമുക്കാൽ ശതമാനമാണ്. പിന്നെ പ്രൊഡക്റ്റീവ് ആയിട്ടുള്ളതിന് 5 ശതമാനം പലിശയും 15 കൊല്ലം കൊണ്ട് അടച്ചു തീർക്കേണ്ടവയുമാണ്, ഇതാണ് ധനകാര്യ കമ്മീഷൻ ചെയ്തത്.

ശ്രീ. സേവ്യർ അറയ്ക്കൽ: ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതിനെ ചോദ്യം ചെയ്യുകയല്ല. ജനറൽ ലോൺ 93.80 കോടി രൂപ. ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിൽനിന്നും വാങ്ങിയത് 18.50 കോടി രൂപ. റിസർവ്വു ബാങ്കിൽനിന്നും വാങ്ങിയത് 14.7 കോടി രൂപ. ഇപ്രകാരം ഇത്രയും സംഖ്യകളും മറ്റു സ്ഥാപനങ്ങളിൽനിന്നും വാങ്ങിയിട്ടുണ്ട്. അതിനെക്കുറിച്ച് റിസർവ്വു ബാങ്കിൽനിന്നും എന്തെങ്കിലും നിർദ്ദേശം ലഭിച്ചിട്ടുണ്ടോ, ഈ കടത്തെ സംബന്ധിച്ച് എന്തെങ്കിലും നിയന്ത്രണം ഗവൺമെന്റ് ഏർപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എസ്. വരദരാജൻ നായർ: ഇവിടത്തെ ചോദ്യം സംസ്ഥാനത്തിന് കേന്ദ്രത്തിലേയ്ക്കുള്ള കട ബാദ്ധ്യതയെക്കുറിച്ചാണ്. ഇതിന് പ്രത്യേക ചോദ്യം വേണം.

ശ്രീ. എ. പി. കുര്യൻ: കുറേ കടങ്ങളെല്ലാം ഇളവ് ചെയ്യാൻ തീരുമാനമെടുത്തുവെന്നുപറഞ്ഞു. 469 കോടി രൂപയിൽ എത്ര സംഖ്യ ഇളവ് ചെയ്ത പട്ടികയിൽ പെടും?

ശ്രീ. എസ്. വരദരാജൻ നായർ: 115 കോടി രൂപ.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ: ബിസിനസ്സിന് കടം ആവശ്യമാണ്. പ്രത്യുൽപ്പാദനപരമല്ലാത്ത കാര്യങ്ങൾക്ക് (കടലിൽ കല്ലിടൽ) എല്ലാം കടം തരുന്ന സമ്പ്രദായം മാറണമെന്നു സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടല്ലോ. ഈ കാര്യത്തിൽ കേന്ദ്രഗവൺമെന്റ് കടം തരുന്ന ഏർപ്പാട് മാറി ഗ്രാന്റ് ആക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എസ്. വരദരാജൻ നായർ: തീരുമാനിക്കേണ്ടത് കേന്ദ്ര ഗവൺമെന്റും ആവശ്യപ്പെടേണ്ടത് നമ്മളും ആണ്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: ഗവൺമെന്റ് ഗ്യാരന്റി കൊടുക്കുന്നതനുസരിച്ചാണ് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനുകളിൽനിന്നും കോർപ്പറേഷനുകളിൽനിന്നും കടം കൊടുക്കുന്നത്. അപ്പോൾ കടമെടുക്കുന്നവർ തിരിച്ചടച്ചില്ലായെങ്കിൽ ഗവൺമെന്റ് ആണ് കൊടുക്കേണ്ടത്. ആ ബാദ്ധ്യതയിനത്തിൽ എന്തു മാത്രം തുക ഉണ്ടെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എസ്. വരദരാജൻ നായർ: ബഹുമാനപ്പെട്ട മെമ്പർ ചോദ്യം വായിച്ചുനോക്കിയിട്ടില്ലെന്നാണ് തോന്നുന്നത്. കേന്ദ്രത്തിലേയ്ക്ക് ഉള്ള കടബാദ്ധ്യതയെക്കുറിച്ചുള്ളതാണ് ഈ ചോദ്യം.

സ്വകാര്യ മാനേജ്മെൻറ് വിദ്യാലയങ്ങളുടെ വികസന പ്രവർത്തനം

*320 [337] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാലയ വികസന പ്രവർത്തനത്തിനുവേണ്ടി നടത്തുന്ന കേരളാ ഗവൺമെൻറ് ലോട്ടറിയിൽ നിന്നും ലഭ്യമാകുന്ന സംഖ്യയിൽ ഒരു വിഹിതം സ്വകാര്യമാനേജ്മെൻറ് നടത്തുന്ന വിദ്യാലയങ്ങളുടെ വികസന പ്രവർത്തനത്തിനുവേണ്ടി നൽകുവാൻ ഗവൺമെൻറ് നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പ് മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): ഈ ലോട്ടറിയിൽ നിന്ന് ലഭ്യമാകുന്ന തുക ഗവൺമെൻറ് വിദ്യാലയങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കുവേണ്ടി ഉദ്ദേശിച്ചിട്ടുള്ളതാണ്. അതുകൊണ്ട് നിവൃത്തിയില്ല.

ശ്രീ. എൻ. ഭാസ്കരൻ നായർ: ഭാഗ്യക്കുറിയിൽനിന്നും ഗണ്യമായ സംഖ്യ സ്വകാര്യ മാനേജ്മെൻറുകൾ നടത്തുന്ന സ്കൂളുകളിൽനിന്നുമാണ് കളക്റ്റു ചെയ്തത് എന്നുള്ളതിൻെറ അടിസ്ഥാനത്തിൽ സ്വകാര്യ വിദ്യാലയങ്ങൾക്കു കൂടി ഇതിൻെറ പോർഷൻ കൊടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: സ്വകാര്യ വിദ്യാലയങ്ങളുടെ കെട്ടിട നിർമ്മാണത്തിനു വേണ്ടി ഇതിൽനിന്നും പണം കൊടുക്കുവാൻ ഗവൺമെൻറ് ഉദ്ദേശിക്കുന്നില്ല. ഇത് തുടങ്ങിയപ്പോൾതന്നെ പറഞ്ഞിട്ടുണ്ട് ഗവൺമെൻറ് സ്കൂളുകൾക്ക് വേണ്ടിയാണെന്ന്.

ശ്രീ. പി. സി. ജോസഫ്: ലോട്ടറിയിൽനിന്നും കിട്ടുന്ന പണം ഉപയോഗിച്ച് ഇപ്പോൾ കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാൻ നിവൃത്തിയില്ലെന്നു സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള എല്ലാ ഗവൺമെൻറ് സ്കൂളുകളുടേയും മെയിൻറനൻസ് പൂർത്തിയാക്കുവാൻ തികയുമെന്നാണോ കരുതുന്നത്?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ഇത് സ്കൂളുകളുടെ മെയിൻറനൻസിനുവേണ്ടിയുള്ളതല്ല. ഇത് ബിൽഡിംഗ് കൺസ്ട്രക്ഷനു വേണ്ടിയുള്ളതാണ്. ഈ പണം മാത്രമല്ല അതിനുള്ളത് വേറെയും പണം ഗവൺമെൻറ് കാണണം.

ശ്രീ. വി. ടി. സെബാസ്റ്റ്യൻ: ലോട്ടറി ടിക്കറ്റ് ഏറ്റവും കൂടുതലായി വിൽക്കുന്ന സ്കൂളിനു വേണ്ടി പ്രോൽസാഹന സമ്മാനം നൽകുകയാണെങ്കിൽ ലോട്ടറി ആദായകരമാക്കാൻ കഴിയുമെന്നു ഗവൺമെൻറ് കരുതുന്നുണ്ടോ?

ശ്രീ. സി. എച്ച്. മുഹമ്മദ് കോയ: ലോട്ടറിയുടെ സമയം കഴിഞ്ഞല്ലോ.

LIBRARY ARCHIVES Kerala Legislative Assembly